**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **08-08-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ വിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിപണി ഇടപെടൽ ശക്തിപ്പെടുത്താനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും എന്തെല്ലാം സംവിധാനങ്ങളാണ് സപ്ലൈകോ നിലവിൽ നടത്തിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.<br><br>ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.<br><br>അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തിര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. |
| (ബി) | ഈ ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഈ ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രതിമാസ ഇ-ടെണ്ടറിനു പുറമേ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്കു പുറമേ തിരഞ്ഞെടുത്ത സപ്ലൈകോ ശബരി ഉല്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉല്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 |

| | | | |
|---|---|---|---|
| | | | ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉല്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിനു പുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉല്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള ഓണം താലൂക്ക് ഫെയറുകളും സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും ഓണം മാർക്കറ്റുകളായി പ്രവർത്തിക്കുന്നതാണ്. |
| (സി) | വിലനിലവാരം നിയന്ത്രിക്കുന്നതിനായി ഉല്പാദനകേന്ദ്രങ്ങളിൽ നിന്ന് അവശ്യവസ്തുക്കൾ മൊത്തമായി സംഭരിച്ച് വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വില നിലവാരം നിയന്ത്രിക്കുന്നതിനായി ജയ അരി, പഞ്ചസാര എന്നിവ സംഭരിക്കുന്നതിനുവേണ്ടി യഥാക്രമം ആന്ധ്രാ സിവിൽ സപ്ലൈസ് കോർപ്പറേഷനും കർണ്ണാടക സിവിൽ സപ്ലൈസ് കോർപ്പറേഷനും, ആയി ചർച്ചകൾ നടത്തി വരുന്നു. കേന്ദ്ര ഗവൺമെന്റ് സംഭരിച്ച കടല, ചെറുപയർ മുതലായവ കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി സ്കീം മുഖേന നാഫെഡ്/എൻ.സി.സി.എഫ് എന്നിവ മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ